**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം,**
**എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം.**

(ഹാജർ: ഡി. രാജീവ് IOFS.)

വിഷയം: എക്സൈസ് ഭരണപരം - അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. കെ.പി. സുധീറിന്റെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലെ സീനിയോറിറ്റി പുന:ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജി.ഒ.(ആർ.റ്റി) നമ്പർ 337/2017/ടിഡി, തീയതി 27-04-2017.
2. എക്സൈസ് കമ്മീഷണറുടെ 21-06-2017-ലെ XD3-29422/17 നമ്പർ ഉത്തരവ്
3. എക്സൈസ് കമ്മീഷണറുടെ 8-10-2018-ലെ XD3-76310/2018 നമ്പർ ഉത്തരവ് (കേരള ഗസറ്റ് നമ്പർ 43, തീയതി 30-10-2018)
4. ജി.ഒ.(ആർ.റ്റി) നമ്പർ 319/2019/ടാക്സസ്, തീയതി 10-05-2019
5. പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 01-06-2019, 28-06-2019 തീയതികളിലെ പി1-208/2019 നമ്പർ കത്തുകൾ.
6. ഈ ഓഫീസിലെ 18-07-2019-ലെ ഇതേ നമ്പർ നടപടിക്രമം.
7. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. കെ.പി. സുധീറിന്റെ 7-8-2019 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ എക്സ് ഡി3-61038/2018, തീയതി. 31-08-2019**

വേലന്താവളം എക്സൈസ് ചെക്ക്പോസ്റ്റിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ 17410/- രൂപ കണ്ടെത്തിയതിനെ തുടർന്ന് പ്രിവന്റീവ് ഓഫീസറായ ശ്രീ. കെ.പി. സുധീർ മുതൽ പേർക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട്, പരാമർശം (1) പ്രകാരം അവസാനിപ്പിച്ച് ഉത്തരവായിരുന്നതുമാണ്. ടിയാന്റെ ശിക്ഷാകാലയളവായിരുന്നതിനാൽ പരാമർശം (2) പ്രകാരമുള്ള ഉദ്യോഗക്കയറ്റത്തിന് ടിയാന്റെ പേര് പരിഗണിച്ചിരുന്നില്ല. ആയതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 112/18-ലെ 6-4-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.പി. സുധീറിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ നൽകുവാൻ പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ വെളിച്ചത്തിൽ ടിയാന് 01-06-2017 പ്രാബല്യത്തിൽ KS & SSR പാർട്ട്-II ചട്ടം 28(a) യുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നോഷണൽ ആയി പ്രൊമോഷൻ നൽകി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. കെ.പി. സുധീർ പരാമർശം (7) പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലെ സീനിയോറിറ്റി പുന:സ്ഥാപിച്ചുകിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

3. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. കെ.പി. സുധീറിനെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 1-6-2014 മുതൽ 30-6-2016 വരെയുള്ള അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ (കേരള ഗസറ്റ് നമ്പർ 43, തീയതി 30-10-2018) ക്രമ നമ്പർ 32 ശ്രീ. മധു സി.പി., ക്രമ നമ്പർ 33 ശ്രീ. ബാലഗോപാലൻ. എസ് എന്നിവർക്കിടയിലായി ക്രമ നമ്പർ **32 എ** ആയി ഉൾപ്പെടുത്തി സീനിയോറിട്ടി പുനർക്രമീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-

**അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)**

ഗ്രാഹകൻ

1. ശ്രീ. കെ.പി. സുധീർ,
   അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ,
   എക്സൈസ് റേഞ്ച് ഓഫീസ്, കോതമംഗലം
   (എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖേന)
2. 1-6-2017 മുതൽ 30-6-2018 വരെയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ വ്യക്തികൾക്കും.

പകർപ്പ്.

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ, (എല്ലാവർക്കും)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, (എല്ലാവർക്കും)
5. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
6. ഉത്തരവ് ഫയൽ /കരുതൽ ഫയൽ

അംഗീകാരത്തോടെ,

**സൂപ്രണ്ട്**

SN/2-9